(ജി) കേന്ദ്ര/സംസ്ഥാന സഹായത്തോടുകൂടി പുതിയ സബ്ജയിലുകളുടെ നിർമ്മാണം, നിലവിലുള്ള ജയിൽ കെട്ടിടങ്ങളുടെ പുനരുദ്ധാരണം, ജയിൽ ജീവനക്കാരുടെ പാർപ്പിട സൗകര്യം, ജയിലുകളിലെ ശുദ്ധജല വിതരണവും സാനിട്ടേഷൻ സൗകര്യവും വർദ്ധിപ്പിക്കൽ, ജയിലുകളിൽ വീഡിയോ കോൺഫറൻസ് സിസ്റ്റം സ്ഥാപിക്കൽ, ജയിലിലെ തടവുകാരുടെ തൊഴിൽ പരിശീലനം, ജയിൽ സുരക്ഷാക്രമീകരണങ്ങൾ എന്നീ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

കണ്ണൂർ ജയിലിൽ നിന്ന് വിയ്യൂർ ജയിലിലേക്ക് തടവുകാരെ മാറ്റിയ സംഭവം

82 [1658] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് 9 ജീവപര്യന്ത തടവുകാരെ ഹാബിച്ച്വൽ ക്രിമിനൽസിനെ തടവിലിടുന്ന വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റിയതിനെതിരെ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കേരള ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായ ഈ നടപടി പുനഃപരിശോധിക്കുമോ;

(സി) പ്രസ്തുത തടവുകാരെ കണ്ണൂർ സെൻട്രൽ ജയിലിലേക്ക് തിരികെ മാറ്റുന്നില്ലായെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തടവുകാരെ മാറ്റിയത് ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടല്ല.

(സി) ടി തടവുകാരെ വീണ്ടും കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റുന്നത് ജയിലിലെ സുരക്ഷിതത്വത്തിന് ഹാനികരമാണ്.

ജയിൽ പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കാൻ നടപടി

83 [1659] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ തടവുകാരുടെ ശിക്ഷ ഇളവ് ചെയ്യുന്നതിനായി ജയിൽ ഉപദേശക സമിതി നൽകിയ നിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര തടവുകാർക്ക് കഴിഞ്ഞവർഷം ഇളവുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ജസ്റ്റിസ് കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള ജയിൽ പരിഷ്ക്കരണ കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) ഈ നിർദ്ദേശങ്ങൾ എത്രത്തോളം നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെയ്യാറ്റിൻകര വനിതാ ജയിലിലെ ജയിൽ ഉപദേശക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു ജീവപര്യന്തം തടവുകാരിയെ ശിക്ഷ ഇളവ് ചെയ്ത് വിടുതൽ ചെയ്യുകയുണ്ടായി.

(ബി) ജീവപര്യന്തം തടവുകാരെ അവരുടെ ശിക്ഷ ഇളവ് ചെയ്ത് വിടുതൽ ചെയ്യുന്നതിനും, തടവുകാർക്ക് പരോൾ അനുവദിക്കുന്നതിനും ഉള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ടി കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ.

(സി) ജസ്റ്റിസ് കൃഷ്ണയ്യർ കമ്മിറ്റിയുടെ 'ജീവപര്യന്തം തടവുകാരുടെ വിടുതൽ' സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിക്കുകയും അതനുസരിച്ച് സ്റ്റേറ്റ് പ്രിസൺ റിവ്യൂ കമ്മിറ്റി പുനഃസ്ഥാപിക്കുകയുമുണ്ടായി. ടി കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരുന്നു. തടവുകാർക്ക് പരോൾ അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേരള ജയിൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കോഫെ പോസ പ്രതികൾക്ക് ടി. വി., മൊബൈൽ ഫോൺ സൗകര്യം നൽകിയ വിവരം

84 [1660] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര സെൻട്രൽ ജയിലിൽ കോഫെ പോസ പ്രതികൾക്ക് ക്രമ വിരുദ്ധമായി കളർ ടി. വി., മറ്റ് സജ്ജീകരണങ്ങൾ എന്നിവ ലഭ്യമാക്കി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രതികൾക്ക് മൊബൈൽ ഫോൺ പോലുള്ള സൗകര്യം നൽകുന്നത് ക്രമവിരുദ്ധമാണോ; എങ്കിൽ ഇതു തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ജയിലിൽ മാരകായുധങ്ങൾ കണ്ടെത്തിയത് സംബന്ധിച്ച ടാസ്ക് ഫോഴ്സിന്റെ അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പൂജപ്പുര ജയിലിലെ അഴിമതികൾ, ആയുധ സംഭരണം എന്നിവയെക്കുറിച്ച് ജീവനക്കാർ സർക്കാരിനും എ.ഡി.ജി.പി.-ക്കും നൽകിയ പരാതിയിൻമേൽ നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അന്വേഷണ ചുമതല ആർക്കായിരുന്നു; ഈ റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly